ओ३म्

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)

വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

# ആര്യസന്ദേശം

വെള്ളിനേഴി ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക






പുസ്തകം : 1 ലക്കം : 8 വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5114 പൗഷം–മാഘം 1188 ധനു–മകരം 2013 ജനുവരി




മുഖവാണി

## ആര്യസന്ദേശം!

**ആ**ര്യസന്ദേശത്തിന്റെ എട്ടാമത്തെ ലക്കമാണിത്. വൈദിക സത്യശാസ്ത്രങ്ങളുടെ പ്രചരണമാണ് 'ആര്യസന്ദേശ'ത്തിന്റെ ലക്ഷ്യം. ഈ ചുരുങ്ങിയ കാലയളവിൽ തന്നെ മഹത്തായ ഈ സംരംഭത്തിന് സജ്ജനങ്ങളുടെ അനുഗ്രഹങ്ങളും അനുമോദനങ്ങളും ആശംസകളും അനുദിനം ലഭിച്ചു കൊണ്ടിരിക്കുന്നു. ലോകമെമ്പാടും ഭാരതീയ തത്ത്വശാസ്ത്ര ങ്ങൾക്ക് വളരെയധികം പ്രചാരം സിദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഭാരതീയർ അവയുടെ ഉറവിടമായ വേദങ്ങളിൽ നിന്ന് അകലുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതിനൊരു പരിഹാരം കാണാനുള്ള ശ്രമം വിവിധ കോണുകളിൽ നിന്നും ഉണ്ടായിട്ടുണ്ട്. വൈദിക ജ്ഞാനവും സത്യാചാരങ്ങളും മാനവ ഹൃദയങ്ങളിൽ പ്രതിഷ്ഠിതമാകുമ്പോൾ അതിനേക്കാൾ മഹത്ത്വമാർന്നതൊന്നും ഇല്ലെന്നു ബോധ്യപ്പെടും. അങ്ങനെയുള്ള ചിന്തകൾ പാശ്ചാത്യ ചിന്തകളിലുണ്ടായതു കൊണ്ടാണ് ഒരു കാലത്ത് വേദ വിരുദ്ധരായിരുന്നവർ ഇന്ന് വേദങ്ങളെ സ്തുതിക്കുന്നത്. ആ അറിവ് സാധാരണ ഭാരതീയർക്ക് ഇക്കാലത്ത് ഏറെ അകലെയാണ്. അത് അവരിലെത്തിക്കാനുള്ള 'ആര്യസന്ദേശ' ത്തിന്റെ യത്നത്തിനു പിന്തുണ നൽകി കൊണ്ടിരിക്കുന്ന സുമനസ്സുകൾക്കും പ്രണാമം! കൂടുതൽ ആളുകളിലേക്ക് ഈ സന്ദേശമെത്തിക്കാനുള്ള തീവ്ര യത്നത്തിന് എല്ലാവരിൽനിന്നും സർവ്വവിധ സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

"ഓം കൃണ്വന്തോ വിശ്വമാര്യം"

പത്രാധിപർ

## വേദാദ്ധ്യയനം



**രാജന്ത മധ്വരാണാം ഗോപാമൃതസ്യ ദീദിവിമ്½**
**വര്ധമാനം സ്വേ ദമേ (ഋഗ്വേദം 1.1.8)¾**

**പദാർഥന്വയഭാഷ** : (സ്വേ) നമ്മുടെ (ദമേ) വലിയ വലിയ ദുഃഖങ്ങളിൽ നിന്നും വിടുതൽ നേടി മോക്ഷപദം പ്രാപിച്ച പുരുഷൻ എത്തിച്ചേരുന്ന ആ പരമ പദത്തിൽ (വർദ്ധമാനം) ഏറ്റവും വലിയ (രാജന്തമ്) പ്രകാശ സ്വരൂപൻ (അധ്വരാണാം) മുമ്പു പറഞ്ഞ വളരെ മഹത്തായ യജ്ഞങ്ങളും കർമ്മങ്ങളും ധാർമ്മികരായ മനുഷ്യരും (ഗോപാമ്) പൃഥിവ്യാദികളുടെ രക്ഷ (ഋതസ്യ) സത്യവിദ്യാ യുക്തമായ നാലു വേദങ്ങളും കാര്യജഗത്തിലെ അനാദി കാരണങ്ങൾക്കും (ദീദിവിമ്) പ്രകാശം പരത്തുന്ന പരമേശ്വരനെ ഞങ്ങൾ ഉപാസനാ യോഗാദികളാൽ പ്രാപിക്കുന്നു.

**ഭാവാർത്ഥം** : ഏതൊരു തരത്തിലാണോ വിനാശം, അജ്ഞാനം എന്നീ ദോഷങ്ങളില്ലാത്ത പരമേശ്വരൻ അന്തര്യാമിരൂപത്തിൽ സകല ജീവജാലങ്ങൾക്കും സത്യോപദേശം നൽകി ശ്രേഷ്ഠന്മാരേയും സമ്പൂർണ്ണ ജഗത്തിനേയും രക്ഷി ച്ചുകൊണ്ട് തന്റെ സത്തയിലും പരമമായ ആനന്ദത്തിലും കുടി കൊള്ളുന്നത് അതുപോലെ പരമേശ്വരന്റെ ഉപാസകരും ആനന്ദിതരും വിജ്ഞാനികളുമായി പരമജ്ഞാന രൂപവിശേഷ തലങ്ങൾ പ്രാപിക്കുന്നു.

***(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്)***

വേദം എല്ലാ സത്യവിദ്യകളുടേയും ഗ്രന്ഥമാകുന്നു. ആ വേദം പഠിക്കുകയും പഠിപ്പിക്കുകയും കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യേണ്ടത് എല്ലാ ആര്യന്മാരുടേയും (ശ്രേഷ്ഠ മനുഷ്യരുടേയും) പരമ ധർമ്മമാകുന്നു.

**മനുർഭവഃ ജനയാ ദൈവ്യം ജനം** *(ഋഗ്വേദം 10.53.6)*

**മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!**

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# കർമ്മ കാണ്ഡമെന്ന യജ്ഞം

*-മഹർഷി ദയാനന്ദ സരസ്വതി*


**ഈ** പ്രവൃത്തി മറ്റൊരു രീതിയിലും സംഭവിക്കുകയില്ല. സുഗന്ധ തൈലങ്ങൾ പുരട്ടുകയോ തളിക്കുകയോ പുഷ്പ്പങ്ങൾ ചൂടുകയോ ചെയ്താലും ഹോമം ചെയ്യുന്നതു കൊണ്ടുണ്ടാകുന്ന ഫലം കിട്ടുകയില്ല. കാരണം ഇതിന്റെയെല്ലാം ഗന്ധം ആ ദുർഗന്ധത്തിൽ ലയിച്ചു കിടക്കുകയേയുള്ളൂ, ആ ദുർഗന്ധാണുക്കളെ വിശ്ലേഷണം ചെയ്ത് പുറത്തു കളയുകയില്ല. മാത്രമല്ല ആ ദുർഗന്ധാണുക്കൾ ഭൂമിയുടെ ഉപരിതലത്തിൽ കിടക്കുകയല്ലാതെ മേലോട്ട് ഉയരുകയുമില്ല. കാരണം അതിന് കടുപ്പം കൂടുതലാണ്. അങ്ങനെ തന്നെ ഭൂമിയുടെ ഉപരിതലത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ വെളിയിൽ നിന്നുള്ള ശുദ്ധവായു അങ്ങോട്ടു കടക്കുകയില്ല. തന്മൂലം രോഗാണുക്കൾ ഉണ്ടാവുക സ്വാഭാവികമാണ്. അഗ്നി ആ സ്ഥലത്തെ വായുവിനെ കടുപ്പം കുറഞ്ഞതാക്കി പുറത്തേക്കു തള്ളുമ്പോൾ മാത്രമേ ശുദ്ധവായു അങ്ങോട്ടു കടക്കുകയുള്ളൂ. ഇത് യജ്ഞം കൊണ്ടു മാത്രമേ സാധിക്കൂ.

സുഗന്ധാദി ദ്രവ്യങ്ങളുടെ പരമാണുക്കളുമായി ചേർന്ന് ആകാശത്തിലേക്കുയരുന്ന വായു വൃഷ്ടി ജലത്തെ ശുദ്ധമാക്കുന്നു. തന്മൂലം വൃഷ്ടിയും കൂടുതൽ ഉണ്ടാകുന്നു. യജ്ഞം ചെയ്യുമ്പോൾ ഭൂമിയുടെ ഉപരിതലത്തിൽ ചൂട് കൂടുതൽ ഉണ്ടാകുന്നതു മൂലം കൂടുതൽ ജലം ബാഷ്പ്പമായി ആകാശത്തിലേക്കുയരുന്നു. തന്മൂലം അന്നാദ്യൗഷധങ്ങളും സുലഭമാകുന്നു. ഇത് ഹോമം കൊണ്ടല്ലാതെ മറ്റൊരു രീതിയിലും നടക്കുകയില്ല. അതുകൊണ്ട് ഹോമം അത്യാവശ്യമായ ഒരു കാര്യമാണ്.

ഹോമം ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന സുഗന്ധം എപ്പോഴും നിലനിൽക്കുകയില്ലല്ലോ, അത് കുറേ കഴിയുമ്പോൾ നശിക്കും എന്ന് പറയുന്നതും ശരിയല്ല. കാരണം ആ സുഗന്ധം ആകാശത്ത് വായുവിനോടു ചേർന്ന് കിടപ്പാണ്. നമ്മുടെ മൂക്കിന് അത് അനുഭവപ്പെടുന്നില്ലെന്നേയുള്ളൂ.

ഹോമം ചെയ്യുന്നതിന്റെ പ്രയോജനം ഹോമം കൊണ്ടുതന്നെ കിട്ടുമല്ലോ, പിന്നെന്തിനാണ് വേദ മന്ത്രങ്ങൾ കൂടി ചൊല്ലുന്നത് എന്ന സംശയവും ഉണ്ടാകാം.

ഈ സംശയവും ശരിയല്ല. കൈ കൊണ്ടു ഹോമം ചെയ്താൽ അതു കണ്ണുകൊണ്ടു കാണാനും ത്വക്കു കൊണ്ടു സ്പർശിച്ചറിയാനും കഴിയുന്നതു പോലെ വാക്കു കൊണ്ടു വേദ മന്ത്രങ്ങളെ ഉച്ചരിക്കുകയാണു വേണ്ടത്. അതുകൊണ്ട് വേദങ്ങളെ മനുഷ്യ മനസ്സിൽ സുരക്ഷിതമായി വയ്ക്കാൻ കഴിയുക മാത്രമല്ല, ഈശ്വരസ്തുതി പ്രാർത്ഥന ഉപാസന എന്നിവ നടത്താനും കഴിയും. ഹോമം കൊണ്ടുണ്ടാകുന്ന ഫലപ്രാപ്തിയെ സ്മരിക്കുന്നതും ഒരു പ്രയോജനമാണ്. വേദ മന്ത്രങ്ങൾ മനഃപാഠമാവുകയും ആസ്തിക്യ ബോധം മനസ്സിൽ വർദ്ധിച്ചിട്ട് നാസ്തികതയെ തുടച്ചു മാറ്റുകയും ചെയ്യും. അതിനായി ഈശ്വരസ്തുതി പ്രാർത്ഥനോപാസനയോടു കൂടിയാണ് എല്ലാ ശുഭ കർമ്മങ്ങളും നാം ആരംഭിക്കുക.



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ധർമ്മ പാഠങ്ങൾ

(വൈദിക ധർമ്മ പ്രശ്നോത്തരി)

***- പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി***

***തർജ്ജമ: കെ.എം. രാജൻ***

## പാഠം - 4
## ധർമ്മം

**ചോദ്യം** : ധർമ്മം എത്ര തരത്തിലുണ്ട്?

**ഉത്തരം** : ധർമ്മം പല തരത്തിലുണ്ട്.

1. വൈയ്യക്തിക ധർമ്മം
2. കുടുംബപരം
3. സാമൂഹിക ധർമ്മം
4. രാഷ്ട്ര ധർമ്മം

**ചോദ്യം**: വൈയ്യക്തികം, കുടുംബപരം എന്നീ ധർമ്മങ്ങളെന്താണ്?

**ഉത്തരം** : **വൈയ്യക്തിക ധർമ്മം** : എല്ലാ വ്യക്തികളുമായി ബന്ധപ്പെട്ടതും ആചരിച്ചാൽ എല്ലാ വിധ ഐശ്വര്യങ്ങളും നൽകുന്നതാണ് വൈയ്യക്തിക ധർമ്മം. മേൽപറഞ്ഞ 10 ലക്ഷണങ്ങളും വൈയ്യക്തിക ധർമ്മത്തിൽ വരും.

**കുടുംബപരമായ ധർമ്മം** : അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, പുത്രൻ, പുത്രി, സഹോദരൻ, സഹോദരി തുടങ്ങിയ കുടുംബാംഗങ്ങളോടുള്ള ധർമ്മത്തിന്റെ ബന്ധത്തേയാണ് കുടുംബപരമായ ധർമ്മം എന്ന് പറയുന്നത്. അവയുടെ അറിവും പരിപാലനവും മൂലം മാത്രമേ കുടുംബത്തിൽ സ്നേഹവും സുഖവും ഉണ്ടാവുകയുള്ളൂ. കുടുംബ നാഥന്റെ ആജ്ഞകൾ മറ്റു കുടുംബാംഗങ്ങൾ അനുസരിക്കുകയും എല്ലാവരും പരസ്പരം സ്നേഹത്തോടും സഹകരണത്തോടും ജീവിക്കാൻ യത്നിക്കുകയും സുഖ ദു:ഖങ്ങളിൽ പങ്കാളികളാകുന്നതും കുടുംബപരമായ ധർമ്മമാണ്. അത്തരം കുടുംബങ്ങളാണ് സന്തുഷ്ട കടുംബങ്ങൾ.

**ചോദ്യം** : സാമൂഹിക ധർമ്മം എന്താണ്?

**ഉത്തരം** : മനുഷ്യർ ഏകാന്തജീവിതം ആഗ്രഹിക്കുന്നല്ല. എപ്പോഴും ഒറ്റക്കായിരുന്നാൽ അയാൾക്ക് എല്ലാ ഉന്നതികളും ലഭിക്കുകയില്ല. അതിനാൽ അയാൾ സമാജത്തിൽ ജീവിച്ച് വളരുന്നു. ഏതൊരു സമാജത്തിലാണോ അയാൾ ജീവിക്കുന്നത് ആ സമാജത്തോട് അയാൾക്ക് ഏതാനും കർത്തവ്യങ്ങളുണ്ട്. അതിനേയാണ് സാമൂഹിക ധർമ്മം എന്ന് പറയുന്നത്. ഓരോ വ്യക്തിയും തന്റെ കഴിവിനും യോഗ്യതക്കു മനുസരിച്ച് സമാജത്തിന് സേവനം ചെയ്യണം. എല്ലാവരുടേയും പുരോഗതിക്കായി പരിശ്രമിക്കണം. സമാജത്തിന് ദോഷം വരുന്ന പ്രവൃത്തികൾ ഒന്നും തന്നെ ചെയ്യരുത്. എല്ലാവരേയും തന്റെ സഹോദരനും സുഹൃത്തുമായി കരുതണം. എല്ലാവരുടേയും പുരോഗതി യിൽ തന്റെ പുരോഗതി കാണണം. സമാജത്തിലുള്ള അനാചാരങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കണം. തന്റെ തന മന ധനാദികളാൽ സമാജത്തിന്റെ ഉന്നതിക്കായി ശ്രമിക്കണം.

**ചോദ്യം** : രാഷ്ട്ര ധർമ്മം എന്താണ്?

**ഉത്തരം** : ഏതു രാജ്യത്ത് ജനിച്ചുവോ ആ രാജ്യത്തോട് ഓരോരുത്തർക്കും കടമകളുണ്ട്. അതിനേ രാഷ്ട്രധർമ്മം

☞

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ** *(യജു. 40-2)*

**നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊ് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

എന്നു പറയുന്നു. സ്വന്തം രാജ്യത്തിന്റെ ഉന്നതി വരുത്തുന്നതിനേക്കുറിച്ച് ഓരോ മനുഷ്യനും മനസ്സിൽ ധാരണയുണ്ടാവണം. രാഷ്ട്രത്തിന്റെ സർവ്വോന്നതിക്കായി തന്റെ യഥാവിധി ശക്തിക്കനുസരിച്ച് പ്രവർത്തിക്കണം. ജനങ്ങളിൽ ഐക്യം ഉണ്ടാക്കുന്നതിനായി എല്ലാവരും പരിശ്രമിക്കണം. ചില വിഷയങ്ങളിലെ അഭിപ്രായ ഭിന്നതകാരണം പരസ്പരകലഹങ്ങൾ ഉണ്ടാവാതിരിക്കാനായി ശ്രമിക്കണം. ദേശത്തിന്റെ പുരോഗതിക്കായി ഒരേക ഭാഷ ഉണ്ടാവണം (ഭാരതത്തിൽ അത് ഹിന്ദി ആകാവുന്നതാണ്). അത് എല്ലാവരും പഠിക്കണം. ആവുന്നിടത്തൊക്കെ സ്വദേശി ഉൽപ്പന്നങ്ങൾ ഉപയോഗിക്കണം. എല്ലായ്പ്പോഴും ശുദ്ധവും സ്വദേശിയുമായ വസ്ത്രങ്ങൾ (ഖദർ) ധരിക്കുമെന്ന് വ്രതമെടുക്കണം. എന്തെന്നാൽ വിദേശ വസ്ത്രധാരണം മൂലം നമ്മുടെ രാഷ്ട്രത്തിൽനിന്ന് കോടിക്കണക്കിന് രൂപ മറുനാടുകളിലേക്ക് പോകുന്ന തിനാൽ നമ്മുടെ നാട്ടിൽ ദാരിദ്ര്യം വർദ്ധിക്കുന്നു. നാടിന്റെ ഗൗരവം വളർത്താനുള്ള കാര്യങ്ങൾ ചെയ്യണം. അതിനർത്ഥം മാതൃഭൂമിയുടെ സേവനം സദാ അനുഷ്ടിച്ച്, നമ്മുടെ നാടിനെ സ്വന്തം കാലിൽ നിൽക്കാൻ കെൽപ്പുള്ളവളാക്കണം എന്നത് നമ്മുടെയെല്ലാം കർത്തവ്യമാണ്. ഓരോ ആൺകുട്ടികളും പെൺകുട്ടികളും തങ്ങളുടെ മാതാപിതാക്കളെപ്പോലെ ഭാരതമാതാവിനെ സ്നേഹിക്കുകയും അതിന്റെ സേവനത്തിനായി എല്ലാ തരത്തിലുള്ള പരിശ്രമം നടത്തുകയും വേണം. ഇതിനായി മഹാറാണാ പ്രതാപ്, ഛത്രപതി ശിവജി, ലോകമാന്യതിലക്, ഋഷി ദയാനന്ദൻ, മഹാത്മാ ഗാന്ധി എന്നീ ദേശഭക്തരുടെ ജീവചരിത്രം വായിക്കുകയും വേണം.

*(മുൻ ലക്കത്തിന്റെ തുടർച്ച)*




**2.വേദങ്ങൾ നാലു തന്നെ. ''കൃഷ്ണയജുർവേദം നവീന നിർമിതം**

വേദ വ്യാസൻ ഒരേ വേദത്തെ നാലായി വിഭജിച്ചു ഋഗ്, യജു, സാമ, അഥർവ വേദങ്ങളാക്കി എന്ന ഒരു കഥ മധ്യകാല പുരാണ പണ്ഡിതർ വ്യാപകമായി പ്രചാരം ചെയ്തിട്ടുണ്ട്. ഇത് അവരുടെ തെറ്റായ ധാരണയാണെന്നു ആചാര്യ വേദ ബന്ധു തന്റെ "ഋഗ്വേദ പ്രവേശിക" എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

''മഹാഭാരതത്തിലെ ആദിപർവത്തിൽ പ്രസിദ്ധമായ ശകുന്തളോപാഖ്യാനം വർണ്ണിതമാണ്. ദുഷ്യന്തൻ കശ്യപ കണ്വന്റെ രമ്യമായ ആശ്രമത്തിൽ കടക്കുന്നു. അപ്പോൾ അവിടെ ഋഗ്വേദീയരിൽ പ്രമുഖരായവർ പദപാഠവും ക്രമപാഠവും ചേർത്തു ഋഗ്വേദമോതി ദുഷ്യന്തനെ കേൾപ്പിച്ചു. എല്ലാ യാജ്ഞികരും മാനിക്കുന്ന അഥർവ്വവേദി പ്രമുഖന്മാർ പദവും ക്രമവും വിടാതെ അഥർവ്വ വേദം മുഴക്കി, ദുഷ്യന്തന്റെ കാലം കഴിഞ്ഞ്, എത്രയോ ആണ്ടുകൾക്കിപ്പുറമാണ് വ്യാസൻ പിറന്നത്. വ്യാസന്റെ പിതാവും പിതാമഹനും, പ്രപിതാമഹനുമായ പരാശരനും, ശക്തിയും, വസിഷ്ഠനും നാലു വേദവും പഠിച്ചു എന്ന ഐതിഹാസികമായ പ്രമാണമുള്ളപ്പോൾ വ്യാസൻ വേദം പകുത്തു നാലാക്കി എന്ന കല്പിത കഥ എങ്ങനെ വിശ്വസിക്കും?'' (വേദബന്ധു ''ഋഗ്വേദ പ്രവേശിക" പേജ് 25, കേരള സാഹിത്യ അക്കാദമി തൃശ്ശൂർ 1988).

കൃഷ്ണ യജുർവേദത്തെ ന്യായീകരിക്കാൻ വേണ്ടി ഒരു കൽപ്പിത കഥ പ്രചാരത്തിലുണ്ട്.

"'കൃഷ്ണയജുർവേദ"ത്തിന്റെ ഉത്ഭവത്തെ പറ്റി മഹീധരൻ തന്റെ യജുർവേദഭാഷ്യത്തിന്റെ ആമുഖത്തിൽ എഴുതുന്നു. "വ്യാസൻ തന്റെ ശിഷ്യന്മാരായ വൈശമ്പായൻ മുതലായ നാലു പേർക്കും യജുർവേദം പഠിപ്പിച്ചു. ആ നാലു പേരിൽ ഒന്നാമനായ വൈശമ്പായൻ തന്റെ ശിഷ്യനായ യാജ്ഞവൽക്യനു അതിനെ പഠിപ്പിച്ചു. ഒരു ദിവസം ഏതോ കാരണം കൊണ്ടു യാജ്ഞവൽക്യനോടു കോപിച്ചു വൈശമ്പായനൻ പറഞ്ഞു. "ഞാൻ പഠിപ്പിച്ച വേദത്തെ തിരിച്ചു താ". യാജ്ഞവൽക്യൻ യജുർവേദത്തെ ഛർദ്ദിച്ചു. ആ ഛർദ്ദിക്കപ്പെട്ട വേദത്തെ വൈശമ്പായന്റെ മറ്റുള്ള ശിഷ്യന്മാർ തിത്തിരപ്പക്ഷികളായി രൂപമെടുത്തു തിന്നുകയും ചെയ്തു. ഇതാണ് തൈത്തീരിയം എന്നു പറയപ്പെടുന്ന കൃഷ്ണയജുർവേദം. ഇതിനു ശേഷം ദുഃഖിതനായ യാജ്ഞവാൽക്യൻ സൂര്യന്റെ അടുക്കൽ ചെന്നു വീണ്ടും യജുർവേദം അദ്ധ്യയനം ചെയ്തു. ഇതാണ് ശുക്ലയജുർവേദം. ഇങ്ങനെ തലയും വാലുമില്ലാത്ത ഒരു കൽപ്പിത കഥയുണ്ടാക്കി തൈത്തിരീയ പ്രചാരകന്മാർ തൈത്തീരിയം അഥവാ കൃഷ്ണയജുർവേദത്തെ മഹതീകരിച്ചു! ഈ കൽപ്പിത കഥയെ പൊളിച്ചു കാണിക്കുന്ന അനേകം പ്രമാണങ്ങളുണ്ടെങ്കിലും ഇതു വ്യാജം തന്നെ എന്നതിനു അനേകം ആധാരങ്ങൾ ഉണ്ട്. എങ്കിലും നാലെണ്ണം മാത്രം നാം ഇവിടെ എഴുതുന്നു.

1. വേദഭാഷ്യകാരനായ മഹീധരൻ തന്നെ പറയുന്നു. "താനീ യജൂംഷി ബുദ്ധി മാലിന്യാത് കൃഷ്ണാനി''. ബുദ്ധി കേടുവന്നതു കൊണ്ടു കൃഷ്ണ യജുർവേദം ഉണ്ടാക്കി എന്ന്. ഇതേ അഭിപ്രായം സ്വാമി വിദ്യാരണ്യർക്കുമുണ്ട്.
2. മറ്റു വേദങ്ങളിൽ മന്ത്രഭാഗം മാത്രമേയുള്ളു.പക്ഷേ കൃഷ്ണയജുർവേദത്തിൽ മന്ത്രഭാഗങ്ങളോടൊപ്പം ബ്രാഹ്മണ ഭാഗങ്ങളും മിശ്രിതമായിരിക്കുന്നു.
3. വേദവിധി പ്രകാരം യജ്ഞം ചെയ്യാൻ നാലു വേദപണ്ഡിതന്മാർ വേണം ( ഋഗ്, യജുഃ, സാമ, അഥർവ്വ വേദങ്ങളെ അദ്ധ്യയനം ചെയ്തവരായിട്ട്) . പക്ഷേ കൃഷ്ണയജുർവേദ പ്രകാരം യജ്ഞം ചെയ്യാൻ ഒരു ആചാര്യൻ മതി! ഇതിൽ അവൈദികമായ ചടങ്ങുകളുള്ളതുകൊണ്ടാണ് യജുർവേദത്തിന്റെ 30 ാം അദ്ധ്യായം 18-ാമത്തെ മന്ത്രത്തിനു വിശദീകരണം നൽകുമ്പോൾ ശതപഥബ്രാഹ്മണം പറയുന്നു. "ദുഷ്കൃതായ ചരകാചാര്യഃ" ചരകാചാര്യ എന്ന ആളാണ് കൃഷ്ണ യജുർവേദ പ്രചാരം ചെയ്തത്. ഇദ്ദേഹം മദ്ര ദേശക്കാരനാണ്. കൃഷ്ണയജുർവേദികൾ മദ്യം, മാംസം, വ്യഭിചാരം മുതലായവയെ വൈദിക ചടങ്ങുകളിൽ ഉൾപ്പെടുത്തി.
4. വൈദിക കാലത്ത് വേദാധ്യയനത്തിനായി ഋഷിമാർ ശാഖകളുണ്ടാക്കി വിധികൾ നിർമിച്ചിരുന്നു. ആ ശാഖകൾ പ്രകാരം പ്രവർത്തിച്ച ഋഷികൾ ഗോത്രങ്ങളായി മാറി. ഇപ്രകാരം ഗുരു-ശിഷ്യ പരമ്പര ഗോത്ര രൂപം കൊണ്ടു. പക്ഷെ ഈ തൈത്തിരീയ സംഹിതകൾക്കു

☞

ശാഖകളൊന്നുമുണ്ടയില്ല. ശാഖകളില്ലാത്തതു കൊണ്ടുതന്നെ ഋഷിമാർ ഈ സംഹിതയെ മാനിച്ചില്ല. മാത്രമല്ല, സത്യവാദികളായ ഋഷിമാർ ഇതിനെ രാവണാദി രാക്ഷസന്മാർക്ക് അനുസരിച്ച ചടങ്ങുകളായി കരുതുകയും വിലക്കുകയും ചെയ്തു.

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

ശ്രീകൃഷ്ണൻ ഒരു മഹാപുരുഷനായിരുന്നു. മഹാഭാരതത്തിൽ അദ്ദേഹത്തേക്കുറിച്ച് ഉത്തമവർണ്ണനകളുണ്ട്. എന്നാ ൽ ഭാഗവതത്തിൽ അദ്ദേഹത്തിൽ എല്ലാ ദുർഗുണങ്ങളും ദോഷങ്ങളുമുള്ള തരത്തിൽ ചിത്രീകരിച്ചിരിക്കുന്നു.

ഈശ്വരൻ ശക്തിമാനാണ്. ഈ ശക്തിയുടെ അർഥമെന്താണ്? "കർത്തുമകർത്തുമന്യഥാകർത്തും" (അതിനർഥം അദ്ദേഹം ശരിയായ കാര്യങ്ങൾ ചെയ്യുന്നു. അദ്ദേഹം ഒന്നും ചെയ്യുന്നില്ല അഥവാ തെറ്റായ രീതിയിൽ ചെയ്യുന്നു എന്ന അർത്ഥത്തിലല്ല.) സർവ്വശക്തിമാൻ എന്നതിനർത്ഥം ന്യയത്തേ ഉപേക്ഷിക്കാതെ പ്രവൃത്തി ചെയ്യാനുള്ള ശക്തി നില നിർത്തുന്നവൻ എന്നാണ്. ചിലർ പറയുന്നു ജനങ്ങളുടെ പാപമോചനാർത്ഥം ഈശ്വരൻ തന്റെ പുത്രനേ അയച്ചു. മറ്റു ചിലർ പറയുന്നത് പ്രവാചകരിലൂടെ അദ്ദേഹം തന്റെ സന്ദേശത്തേ അയച്ചുവെന്ന്. എന്നാൽ സർവ്വശക്തിമാനായ ഈശ്വരന് ഇക്കാര്യങ്ങൾ ചെയ്യാൻ മറ്റാരുടേയും സഹായമാവശ്യമില്ല.




ബലം, ജ്ഞാനം, പ്രവർത്തനങ്ങൾ എന്നിവയാണ് ശക്തിയുടെ ഭാഗങ്ങൾ. ബലം, ജ്ഞാനം, പ്രവർത്തനങ്ങൾ എന്നീ ഈശ്വരന്റെ ശക്തി അനന്തമാണ്, ഈശ്വരന്റെ ആദി കാരണമല്ല. ഈശ്വരന് ആദി കാരണമുണ്ടെന്ന് അംഗീകരിക്കുകയാണെങ്കിൽ അത് അർത്ഥശൂന്യമായിത്തീരും. നിരീശ്വരവാദത്തിന്റെ ഉത്പത്തി സാംഖ്യദർശനത്തിൽനിന്നു വന്നതാണെന്ന് പ്രതീതി ഉണ്ടാക്കുന്നു. എന്നാൽ സാംഖ്യശാസ്ത്രകാരനായ കപിലമുനി നിരീശ്വരവാദിയായിരുന്നില്ല. അദ്ദേഹത്തിന്റെ സൂത്രങ്ങളെ ആധാരമാക്കി കപിലൻ നിരീശ്വരവാദിയായിരുന്നുവെന്ന് ചിലർ പറയുന്നുണ്ട്. എന്നാൽ ഈ സൂത്രങ്ങളുടെ യഥാർഥ അർത്ഥം മനസ്സിലാക്കാതെയാണിത് പറയുന്നത്. ഈ സൂത്രം നമുക്ക് നോക്കാം.

ഈശ്വരസിദ്ധേഃ മുക്തബന്ധയോരന്യതരാ

ഭാവാന്ന തത് സിദ്ധിഃ ഉഭയഥാഭ്യ സത്കരത്വം

മുക്താത്മനഃ പ്രശംസാ ഉപാസാദി സിദ്ധ്യസ്യ വാ

(സാംഖ്യദർശനം 1/57,78,59,60)

സൂത്രസാഹചര്യത്തേക്കുറിച്ച് ചിന്തിക്കുമ്പോൾ ഈശ്വരൻ ഒന്നു മാത്രമാണ്. രണ്ടാമതൊന്നില്ല എന്ന്

കപിലമുനി ഗണിക്കുന്നു. എന്തെന്നാൽ 'പുരുഷനുണ്ട്' എന്നതാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം. അതേ പുരുഷനേകുറിച്ചാണ് സഹസ്രശീർഷാദി സൂക്തങ്ങളിലൂടെ (ഋഗ്വേദം 10.10, യജുർവേദം 31 ൽ വിവരിച്ചിട്ടുള്ള പുരുഷസൂക്തം) വർണ്ണിച്ചിരിക്കുന്നത്. അതിനോട് ബന്ധപ്പെട്ടാണ് 'വേദാഹമേതം പുരുഷം മഹാന്തം' (യജുർവേദം 31.18) എന്നിവ പറഞ്ഞിരിക്കുന്നത്.

പ്രമാണങ്ങൾ പലതരത്തിലുണ്ട്. പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം എന്നിങ്ങനെ വ്യത്യസ്ത പണ്ഡിതന്മാർ പ്രമാണത്തിന് വ്യത്യസ്ത എണ്ണം പറയുന്നുണ്ട്.

# സ്വാമി ശ്രദ്ധാനന്ദ അനുസ്മരണവും വിശേഷാൽ അഗ്നിഹോത്രവും

ആര്യസമാജത്തിന്റെ നേതൃത്വത്തിൽ വടകര ഗായത്രി വിദ്യാ ഭവനത്തിൽ വെച്ച് ഡിസംബർ 23 ന് സ്വാമി ശ്രദ്ധാനന്ദന്റെ 86 ാമത് ബലിദാന അനുസ്മരണവും വിശേഷാൽ അഗ്നിഹോത്രവും നടന്നു. 1921 ലെ മലബാർ കാലാപ സമയത്ത് സ്വാമിജിയുടെ നേതൃത്വത്തിൽ നടന്ന സേവാ പ്രവർത്തനങ്ങളേയും വൈക്കം സത്യാഗ്രഹം തുടങ്ങിയ ദേശീയ ശ്രദ്ധ പിടിച്ചു പറ്റിയ കേരളത്തിലെ നിരവധി സാമൂഹ്യ നവോദ്ധാന പ്രക്ഷോഭങ്ങളിലും സ്വാമി ശ്രദ്ധാനന്ദൻ വഹിച്ച പങ്ക് നിസ്തുലമാണെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ശ്രീ. കെ.എം. രാജൻ പറഞ്ഞു. അഗ്നിഹോത്രത്തിന്റെ ഫലമായി ഉണ്ടാകുന്ന ആദ്ധ്യാത്മികവും ഭൗതികവുമായ ഗുണങ്ങളേക്കുറിച്ച് ഡോ.കെ.ഗോപാലകൃഷ്ണൻ സംസാരിച്ചു. വിദ്യാലയത്തിലെ പ്രധാനാധ്യാപകൻ ശ്രീ. പ്രമോദ് കുമാർ, കാര്യദർശി ശ്രീ. ആർ. മോഹനൻ, ഭാരതീയ വിദ്യാനികേതൻ കോഴിക്കോട് ജില്ലാ സംയോജകൻ ശ്രീ. ടി.വിജയൻ തുട ങ്ങി നിരവധി പേർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് വിശേഷാൽ അഗ്നിഹോത്രവും നടന്നു.

*ആര്യൻ നമ്മുടെ പേരാണ് !*
*വേദം നമ്മുടെ മതമാണ് !*
*യജ്ഞം നമ്മുടെ കർമ്മമമാണ് !*
*സത്യം നമ്മുടെ വ്രതമാണ് !*
*സേവനം നമ്മുടെ ലക്ഷ്യമാണ് !*

***Be a part of Veda Prachar by distributing Vedic Literatures and donate liberally for that***

**Arya Sandesam**
**Bank Account No: 4264000100072426**
**IFSC Code : PUNB 0426400**
**Punjab National Bank- Cherpalcheri Branch**

**Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi, Palakkad - 679504. Chief Editor: Sri. K. Velayudha Arya. Editor: T.R. Balachandran Nair. Advisory Board: Acharya Kizhanellur Parameswaran Namboodiri, Acharya Aryabhaskarji, Vanaprasthi Raju Poonjar, K.K. Jayan, V. Govinda Das, C.V. Santhosh, Dr. K. Gopalakrishnan, S. Sreedhara Sharma. For private circulation among members only. E-mail: aryasandesam@gmail.com**
**Visit us : aryasandesam.blogspot.in**